(ഇ) ഇല്ല. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ രൂപീകരിക്കുന്നതിന് മുൻപുതന്നെ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള വനിതാവികസന കോർപ്പറേഷൻ തുടങ്ങിയ കോർപ്പറേഷനുകളെ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ ചാനലൈസിംഗ് ഏജൻസികളായി സർക്കാർ പ്രഖ്യാപിക്കുകയും ദേശീയ കോർപ്പറേഷന്റെ ധനസഹായം ഈ കോർപ്പറേഷനുകളിലൂടെ കേരളത്തിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

മിച്ചഭൂമി വിതരണം

*9 [96] ശ്രീ. എ. സി. ഷൺമുഖദാസ്:
,, ബി. രാഘവൻ:
,, ജോർജ് മസ്ക്രീൻ:
,, ജോർജ് ജെ. മാത്യു:
,, കെ. കൃഷ്ണൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുണ്ട്;

(ബി) മിച്ചഭൂമി ഏറ്റെടുക്കുന്നതിനും വിതരണം ചെയ്യുന്നതിനും സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ മിച്ചഭൂമി ഏറ്റെടുക്കുകയും വിതരണം നടത്തുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഏറ്റെടുത്ത മിച്ചഭൂമിയിൽ ഇനി വിതരണം ചെയ്യുവാൻ എത്ര ഹെക്ടർ ഭൂമിയുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) ഇതിൽ കേസ് നടന്നുകൊണ്ടിരിക്കുന്ന ഭൂമിയെ സംബന്ധിച്ച് ജില്ല തിരിച്ച കണക്കുകൾ മേശപ്പുറത്ത് വയ്ക്കുമോ;

(എഫ്) മിച്ചഭൂമിയെ സംബന്ധിച്ച് തീർപ്പ് കൽപ്പിക്കുവാൻ താലൂക്ക് ലാൻഡ് ബോർഡുകളിൽ വരുന്ന കാലതാമസംമൂലം മിച്ചഭൂമി അർഹതയില്ലാതെ കൈവശക്കാർ വച്ചുകൊണ്ടിരിക്കുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) മിച്ചഭൂമി കേസുകളിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കാൻ ലാൻഡ് ബോർഡുകൾക്ക് നിർദ്ദേശം നൽകുമോ;

(എച്ച്) മിച്ചഭൂമി സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകൾ തീർപ്പാക്കുന്നതിൽ ഗവൺമെന്റ് പ്ലീഡർമാരുടെ അനാസ്ഥ മൂലം കാലതാമസം നേരിടുന്നുണ്ടോ;

(ഐ) ഉണ്ടെങ്കിൽ കേസുകളുടെ സത്വരമായ നടത്തിപ്പിന് ഗവൺമെന്റ് പ്ലീഡർമാർക്ക് കർശന നിർദ്ദേശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജെ) മിച്ചഭൂമി വിതരണത്തിനുള്ള തീവ്രയത്ന പരിപാടി അനുസരിച്ച് ഇതുവരെ എത്ര ഹെക്ടർ മിച്ചഭൂമി വിതരണം ചെയ്തു; ഇതിന്റെ പ്രയോജനം എത്രപേർക്ക് ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(കെ) ബാക്കിയുള്ളവർക്ക് എന്നത്തേയ്ക്ക് പട്ടയം നൽകും എന്ന് വ്യക്തമാക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 31-12-1995 വരെ സംസ്ഥാനത്ത് 55745.7480 ഹെക്ടർ ഭൂമി മിച്ചഭൂമിയായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ബി) താലൂക്ക് ലാൻഡ് ബോർഡുകളാണ് സീലിംഗ് കേസുകൾ തീർപ്പാക്കുന്നതും, മിച്ചഭൂമി നിർണ്ണയിക്കുന്നതും. താലൂക്ക് ലാൻഡ് ബോർഡുകൾ പ്രഖ്യാപിക്കുന്ന മിച്ചഭൂമി ഏറ്റെടുക്കുന്നത് തഹസീൽദാർമാരാണ്. ഏറ്റെടുത്ത മിച്ചഭൂമി വിതരണം ചെയ്യുന്നത് ജില്ലാകളക്ടർമാരാണ്. മിച്ചഭൂമി വിതരണം ചെയ്യുന്നത് കേരള ഭൂപരിഷ്ക്കരണ നിയമം 86-ാം വകുപ്പിനും, കേരള ഭൂപരിഷ്ക്കരണ (പരിധി) ചട്ടങ്ങളിലെ 30-ാം ചട്ടത്തിനും അനുസൃതമായിട്ടാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (6-1991 മുതൽ 2-1996 വരെ) മൊത്തം 742.9149 ഹെക്ടർ ഭൂമി ഏറ്റെടുക്കുകയും 531.1740 ഹെക്ടർ ഭൂമി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) ഏറ്റെടുത്തതിൽ, വിതരണ യോഗ്യമായ തടസ്സങ്ങളൊന്നുമില്ലാത്ത (31-12-1995 വരെ) 441.2955 ഹെക്ടർ ഭൂമിയാണുള്ളത്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ഇനി പറയും പ്രകാരമാണ്:

ജില്ല	വിതരണ യോഗ്യമായ തടസ്സങ്ങളില്ലാത്ത ഭൂമി (ഹെക്ടറിൽ)
കാസർഗോഡ്	54.2510
കണ്ണൂർ	3.2388
വയനാട്	101.2145
കോഴിക്കോട്	21.8623
മലപ്പുറം	116.1947
പാലക്കാട്	71.6599
തൃശ്ശൂർ	14.1700
എറണാകുളം	0.4048
ഇടുക്കി	52.2267
കോട്ടയം	ഇല്ല
ആലപ്പുഴ	,,
പത്തനംതിട്ട	,,
കൊല്ലം	4.4534
തിരുവനന്തപുരം	1.6194
	441.2955

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേസ് നടന്നുകൊണ്ടിരിക്കുന്നതും, തർക്കങ്ങളിൽ പെട്ടിട്ടുള്ളതുമായ ഭൂമിയെ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ഇനി പറയും പ്രകാരമാണ്:

ജില്ല	സീറോ മൂലം ഏറ്റെടുക്കൽ തടസ്സപ്പെട്ടത് (ഹെക്ടറിൽ)	മറ്റു വകുപ്പുമായി തർക്കത്തിൽപ്പെട്ടത് (ഹെക്ടറിൽ)
കാസർഗോഡ്	739·6761	136·8421
കണ്ണൂർ	576·5182	1988·2591
വയനാട്	1361·9433	800·4048
കോഴിക്കോട്	420·6477	28·7449
മലപ്പുറം	2179·7570	1209·7165
പാലക്കാട്	1775·7085	2367·2064
തൃശ്ശൂർ	351·8216	3·2388
എറണാകുളം	465·1821	..
ഇടുക്കി	148·5829	484·2105
കോട്ടയം	218·6234	..
ആലപ്പുഴ	885·4251	21·4574
പത്തനംതിട്ട	37·6518	..
കൊല്ലം	91·4979	57·4898
തിരുവനന്തപുരം	205·6680	159·9190
	9458·7036	7257·4893

(എഫ്) ഇല്ല.

(ജി) പൊതുവിൽ മിച്ചഭൂമി വിതരണം സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകാറുണ്ട്.

(എച്ച്) അത്തരം കേസുകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ) മിച്ചഭൂമി വിതരണത്തിനുള്ള ഒരു തീവ്രയത്ന പരിപാടി 14-2-1996-ൽ ആരംഭിച്ചു. ഇതിന്റെ ആദ്യപടിയായി തർക്കത്തിൽ കുടുങ്ങിയിരിക്കുന്ന ഭൂമി, തർക്കം തീർത്ത് ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിനും, ഏറ്റെടുക്കുവാൻ അവശേഷിക്കുന്ന ഭൂമി ഏറ്റെടുത്ത് അതും പെട്ടെന്ന് വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

(കെ) മിച്ചഭൂമി വിതരണം നടക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly